"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ്- ജീവനക്കാര്യം - നാലുന്നാക്കൽ സെൻ്റ് ഏലിയാസ് യു പി സ്കൂളിലെ ഓഫീസ് അറ്റൻഡന്റ് ശ്രീ. ആൽബിൻ കെ. തോമസിന് സ്പെഷ്യൽ കാഷ്വൽ ലീവ് - അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എസ്) വകുപ്പ്**

സ.ഉ.(സാധാ) നം.74/2026/GEDN തീയതി,തിരുവനന്തപുരം, 03-01-2026

---

പരാമർശം:-
1. നാലുന്നാക്കൽ സെൻ്റ് ഏലിയാസ് യു പി സ്കൂൾ ഹെഡ്മിസ്ട്രസിന്റെ 16.06.2023 തീയതിയിലെ കത്ത്
2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 20.08.2025 തീയതിയിലെ എഫ്2/9839/2024/ഡിജിഇ നമ്പർ കത്ത്

**ഉത്തരവ്**

നാലുന്നാക്കൽ സെൻ്റ് ഏലിയാസ് യു പി സ്കൂളിലെ ഓഫീസ് അറ്റൻഡന്റ് ശ്രീ.ആൽബിൻ കെ. തോമസിന്റെ 27/07/2021 മുതൽ 23/11/2021 വരെയുള്ള 120 ദിവസത്തെയും, 20/12/2021 മുതൽ 04/02/2022 വരെയുള്ള 47 ദിവസത്തെയും ശൂന്യവേതനാവധി സ്പെഷ്യൽ കാഷ്വൽ അവധിയായി പരിഗണിക്കുന്നതിന് സമർപ്പിച്ച അപേക്ഷയും അനുബന്ധ രേഖകളും പരാമർശം 2 പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ ലഭ്യമാക്കിയിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കെ.എസ്.ആർ. ഭാഗം I, അനുബന്ധം VII ചട്ടം 19 A പ്രകാരം റേഡിയേഷനും കീമോതെറാപ്പിക്കും അതിനെത്തുടർന്നുള്ള വിശ്രമത്തിനും ജീവനക്കാർക്ക് ഒരു കലണ്ടർ വർഷത്തിൽ പരമാവധി ആറ് മാസത്തെ (പൊതു അവധി ദിവസങ്ങൾ ഒഴിവാക്കി പരമാവധി 180 ദിവസങ്ങൾ) സ്പെഷ്യൽ കാഷ്വൽ ലീവ് ഒരു അംഗീകൃത മെഡിക്കൽ ഓഫീസറുടെ സർട്ടിഫിക്കറ്റിന്മേൽ നിയമനാധികാരി തലത്തിൽ അനുവദിക്കാവുന്നതാണ്. കെ.എസ്.ആർ., ഭാഗം I, ചട്ടം 89, ചട്ടം 76 എന്നിവ പ്രകാരം ഒരു അവധി അനുവദിച്ച ഉത്തരവ് തീയതി മുതൽ ഒരു വർഷത്തിനകം അപേക്ഷിച്ചിട്ടുള്ള പക്ഷം ആദ്യത്തെ അവധി അനുവദിച്ചിരുന്ന സമയത്ത് അർഹമായ മറ്റ് അവധിയായി മുൻകാല പ്രാബല്യത്തോടെ പരിവർത്തനം ചെയ്ത് നൽകാവുന്നതുമാണ്. പ്രസ്തുത സാഹചര്യത്തിൽ ശ്രീ ആൽബിൻ കെ.തോമസിന്റെ 27/07/2021 മുതൽ 23/11/2021 വരെയുള്ള 120 ദിവസത്തെയും, 20/12/2021 മുതൽ 04/02/2022 വരെയുള്ള 47 ദിവസത്തെയും ശൂന്യവേതനാവധി സ്പെഷ്യൽ കാഷ്വൽ അവധിയായി പരിഗണിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUNITHA S GEORGE
അണ്ടർ സെക്രട്ടറി

ശ്രീ.ആൽബിൻ കെ.തോമസ്, ഓഫീസ് അറ്റൻഡന്റ്, സെന്റ് ഏലിയാസ് യു.പി. സ്കൂൾ,
നാലുന്നാക്കൽ പി.ഒ., വാകത്താനം, കോട്ടയം
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)/(എ&ഇ), കേരള, തിരുവനന്തപുരം
വിവര പൊതുജനസമ്പർക്ക (വെബ്&ന്യൂ മീഡിയ) വകുപ്പ്
ധനകാര്യവകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Resmi Babu
Date: 05-01-2026 10:48:56

സെക്ഷൻ ഓഫീസർ

പകർപ്പ്:-
ബഹു.പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ മന്ത്രിയുടെ പി.എസ്.ന്.
പൊതുവിദ്യാഭ്യാസ വകുപ്പ സെക്രട്ടറിയുടെ സി.എ.യ്ക്ക്